

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ക്ഷമിക്കുന്ന സഭയും വേട്ടയാടുന്ന മാധ്യമങ്ങളും

« മാധ്യമങ്ങളുടെ പൊതുസ്വഭാവം അറിഞ്ഞു വേണം അതിനോടു പ്രതികരിക്കാൻ. ഉരസി തീപിടിപ്പിക്കുക എന്നതാണ് മാധ്യമങ്ങളുടെ ജോലി. സംഘർഷം മാധ്യമങ്ങൾക്ക് കൂടിയേതീരൂ. നിഷേധങ്ങളുടെ ആവിഷ്കാരമാണ് മാധ്യമവാർത്ത. »



വീടും നാടും ഭരിക്കുന്നത് മാധ്യമങ്ങളാണെന്നു പറയത്തക്കവിധം മാധ്യമങ്ങളുടെ പ്രാധാന്യവും സ്വാധീനവും അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. സൃഷ്ടിയും സംഹാരവും സാധ്യമാക്കുന്ന വലിയൊരു സാധ്യതയാണ് മാധ്യമം. മാധ്യമങ്ങൾ ലക്ഷ്മണരേഖ കടക്കുന്നുവെന്ന വിമർശനം ഉയർന്നിട്ടുണ്ട്. മാധ്യമവിചാരണയും മാധ്യമവേട്ടയും ഇന്ന് ചർച്ചാവിഷയമാണ്. സമീപകാലത്തുണ്ടായ ചില വിഷയങ്ങളുടെ പേരിൽ മാധ്യമങ്ങൾ കത്തോലിക്കാസഭയെ ഒറ്റതിരിഞ്ഞ് ആക്രമിച്ച സംഭവങ്ങളുണ്ടായി. മാധ്യമങ്ങളെക്കുറിച്ചുള്ള സഭയുടെ നിലപാടുകൾ പരിശോധിക്കുകയാണിവിടെ.

കേരളത്തിലെ അച്ചടിമാധ്യമങ്ങൾക്ക് 13 പതിറ്റാണ്ടു ചരിത്രമേയുള്ളൂ. ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് കാൽ നൂറ്റാണ്ടിലധികം പഴക്കമില്ല. സോഷ്യൽ മീഡിയ കുറെക്കൂടി നൂതനമാണ്. ശാസ്ത്രസാങ്കേതികവിദ്യകളുടെ വളർച്ചയുടെ ഫലമായി മാധ്യമങ്ങളുടെ പ്രവർത്തനക്ഷമത വർധിക്കുകയും വേഗത കൂടുകയും ചെയ്തു. വാർത്തയ്ക്കു പകരം പറയാവുന്ന വാക്കാണ് വേഗത. ആദ്യം ആര് അവതരിപ്പിക്കുന്നുവോ അതാണ് ചൂടുള്ള വാർത്ത! പിന്നാലെ വരുന്നതൊക്കെ പഴയതായി. ആവർത്തനമായി. അതുകൊണ്ട് വാർത്ത ആദ്യം എത്തിക്കുന്നതിലായി മാധ്യമങ്ങൾ തമ്മിൽ മത്സരം. മത്സരത്തിൽ സത്യവും ധർമ്മവും പരിഗണിക്കപ്പെടുന്നില്ല. വിജയം മാത്രമാണ് ലക്ഷ്യം. ചിന്തയേക്കാൾ വികാരവും വസ്തുതകളെക്കാൾ കഥകളും കടന്നുവരും. റേറ്റിംഗ് കൂട്ടി പരസ്യവരുമാനം വർധിപ്പിച്ചാൽ മാധ്യമപ്രവർത്തനം വിജയിച്ചുവെന്നാണ് ചിലർ കരുതുന്നത്.

ജനാധിപത്യത്തിൽ മാധ്യമങ്ങളുടെ സ്ഥാനത്തെ വിലകുറച്ചു കാണാനാവില്ല. 'ഫോർത്ത് എസ്റ്റേറ്റ്' എന്നാണ് മാധ്യമങ്ങളെക്കുറിച്ച് പറയുന്നത്. പ്രതിപക്ഷത്തിന്റെ സ്ഥാനം അലങ്കരിക്കാനാണ് മാധ്യമങ്ങൾക്ക് താല്പര്യം. സത്യം, ധർമ്മം, മനുഷ്യാവകാശങ്ങൾ എന്നിവ സംരക്ഷിക്കുക, സർക്കാരിനും സ്ഥാപനങ്ങൾക്കും അധികാരികൾക്കുമുണ്ടാകുന്ന വീഴ്ചകൾ ചൂണ്ടിക്കാട്ടി അവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരിക, ശബ്ദമില്ലാത്തവരുടെ ശബ്ദമാകുക, രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി നിലകൊള്ളുക തുടങ്ങിയവയാണ് മാധ്യമധർമ്മം. എന്നാൽ സമീപകാലത്ത് മാധ്യമങ്ങൾ പ്രത്യേക അജണ്ട വച്ച് പ്രവർത്തിക്കുന്നതായി ആക്ഷേപമുണ്ട്. മാധ്യമസിൻഡിക്കേറ്റ്, മാധ്യമവിചാരണ, മാധ്യമഭീകരത, മാധ്യമവേട്ട എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മാധ്യമങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനഭിലഷണീയമായ സമീപനങ്ങളെ സൂചിപ്പിക്കുന്നു.

മാധ്യമങ്ങൾ വാർത്തകൾ റിപ്പോർട്ട് ചെയ്യുകയല്ല, പലപ്പോഴും വാർത്തകൾ സൃഷ്ടിക്കുകയും, സ്വന്തം നിലയിൽ വ്യാഖ്യാനിക്കുകയും നിക്ഷിപ്ത താല്പര്യപ്രകാരം നിറം പകരുകയുമാണ് ചെയ്യുന്നത്. പോലീസിന്റെയും കോടതിയുടെയും ജോലി മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നു. അത് കേസന്വേഷണങ്ങളെയും വിധി പ്രഖ്യാപനത്തെയും കുറച്ചൊന്നുമല്ല സ്വാധീനിക്കുന്നത്. പെയ്ഡ് ന്യൂസ് ഇന്ന് അരമനരഹസ്യമല്ലാതായി മാറിയിരിക്കുന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തുമാകാം എന്നാണ് ചില മാധ്യമപ്രവർത്തകരുടെ ചിന്ത. മൈക്രോഫോണും ക്യാമറയും സ്റ്റുഡിയോയുമുണ്ടെങ്കിൽ ആരെയും വീഴ്ത്താം എന്ന ധിക്കാരം മാധ്യമങ്ങൾക്കുണ്ട്.

അച്ചടിമാധ്യമങ്ങൾക്കും ചാനലുകാർക്കുമുള്ള

വിശ്വസ്തത സാമൂഹികമാധ്യമങ്ങൾക്കില്ല. അമിതമായ പ്രാധാന്യമാണ് മുഖ്യധാരാ മാധ്യമങ്ങൾപോലും സാമൂഹികമാധ്യമങ്ങൾക്കു നൽകുന്നത്. സമൂഹമാധ്യമങ്ങളുടെ നന്മകളെ നിഷ്പ്രഭമാക്കുംവിധമാണ് അതിന്റെ വ്യാപകമായ ദുരുപയോഗം. ഒളിച്ചിരുന്നുള്ള മാധ്യമപ്രവർത്തനമാണ് സാമൂഹികമാധ്യമങ്ങൾ നിർവഹിക്കുന്നത്. നിയന്ത്രണമില്ലാത്ത ആശയാവിഷ്കാരങ്ങൾ നടത്തുന്നതുകൊണ്ട് സാമാന്യമര്യാദയുടെയും സംസ്കാരത്തിന്റെയും മതേതരത്വത്തിന്റെയും അതിർവരമ്പുകൾ അവിടെ ലംഘിക്കപ്പെടുന്നു.

> പെയ്ഡ് ന്യൂസ് ഇന്ന് **അരമനരഹസ്യമല്ലാതായി** മാറിയിരിക്കുന്നു. **ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ** പേരിൽ എന്തുമാകാം എന്നാണ് ചില **മാധ്യമപ്രവർത്തകരുടെ ചിന്ത.** മൈക്രോഫോണും ക്യാമറയും സ്റ്റുഡിയോയുമുണ്ടെങ്കിൽ ആരെയും വീഴ്ത്താം എന്ന **ധിക്കാരം** മാധ്യമങ്ങൾക്കുണ്ട്.

സമൂഹത്തിൽ വിഭജനവും വിഭാഗീയതയും വർഗീയതയും കലാപവും ഉണ്ടാകത്തക്കവിധം വിഷലിബ്ദമായ വിഭവങ്ങൾ ഭയം കൂടാതെ സാമൂഹികമാധ്യമങ്ങൾ വഴി വിളമ്പുന്നു. നിലവിലുള്ള സൈബർ നിയമങ്ങൾക്കൊന്നും സൈബർ ഗുണ്ടകളെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല.

മാധ്യമങ്ങളുടെ പൊതുസ്വഭാവം അറിഞ്ഞു വേണം അതിനോടു പ്രതികരിക്കാൻ. ഉരസി തീപിടിപ്പിക്കുക എന്നതാണ് മാധ്യമങ്ങളുടെ ജോലി. സംഘർഷം മാധ്യമങ്ങൾക്ക് കൂടിയേതീരൂ. നിഷേധങ്ങളുടെ ആവിഷ്കാരമാണ് മാധ്യമവാർത്ത. വിമാനം ആകാശത്തു പറന്നാൽ വാർത്തയല്ല. താഴെ വീഴുമ്പോൾ അത് വാർത്തയാകുന്നു. സർക്കാർ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതിന് പ്രോത്സാഹനമില്ല. വീഴ്ച സംഭവിക്കുമ്പോൾ അത് പ്രചരിപ്പിക്കുന്നു. ഇല്ലാതാക്കുന്നതും പെരുപ്പിച്ചു കാണിക്കുന്നതും മാധ്യമങ്ങളാണ്.

മുഖം നോട്ടമില്ല എന്നതാണ് മാധ്യമങ്ങളുടെ അവകാശവാദം. എന്നാൽ യാഥാർത്ഥ്യം നേരെ മറിച്ചാണ്. മുഖം നോക്കിയും മുഖം നഷ്ടപ്പെടുത്തിയും മുഖം വികൃതമാക്കിയും മാധ്യമങ്ങൾ പ്രവർത്തിക്കാറുണ്ട്. വേട്ടക്കാരന്റെ റോളിലാണ് ചില മാധ്യമപ്രവർത്തകർ. അതിജീവനത്തിനുവേണ്ടി അവരെപ്പോലെയാകാൻ മറ്റുള്ളവരും നിർബന്ധിതരാകുകയാണ്. താഴുന്നിടത്ത് കുഴിക്കുന്ന ശൈലിയാണ് മാധ്യമങ്ങളുടേത്. ശാന്തവും സമാധാനപരവുമായ പ്രതികരണങ്ങൾ നടത്തുന്ന കത്തോലിക്കാസഭയെ കടന്നാക്രമിക്കാൻ മാധ്യമങ്ങൾക്കു മടിയില്ല. താടിയുള്ള അപ്പനെ പേടിയുണ്ടെന്ന നാട്ടുവർത്തമാനം മാധ്യമങ്ങളെ സംബന്ധിച്ചു ശരിയാണ്. ചില സമുദായങ്ങളിലെ വിഷയങ്ങൾ അവർ വാർത്തയാക്കാറില്ല. അവിടെ കുഴിക്കാൻ ചെന്നാൽ വിവരമറിയും.

സഭയ്ക്ക് എതിരെ ഉണ്ടാകുന്ന മാധ്യമവേട്ടയ്ക്കെതിരെ ശക്തമായി പ്രതികരിക്കണമെന്ന അഭിപ്രായം സഭയ്ക്കുള്ളിൽ നിന്ന് ഉയർന്നുവരുന്നുണ്ട്. പുതിയ ചാനൽ ആരംഭിച്ച് മറുപടി പറയണം, സോഷ്യൽ മീഡിയാവഴി തന്നെ സൈബർ ഗുണ്ടകളെ നേരിടണം എന്നൊക്കെയാണ് അവരുടെ വാദം. പ്രതികരണത്തിന്റെ കാതൽ പക്വതയും പ്രായോഗികതയുമാണ്. തോല്ക്കാൻ വേണ്ടി യുദ്ധം ചെയ്യരുത്. യുദ്ധം ചെയ്യാതെ കീഴടങ്ങുന്നതും ശരിയല്ല. സത്യസന്ധമായി വസ്തുതകൾ ധൈര്യപൂർവ്വം അറിയിക്കുക തന്നെ വേണം. കൃത്യമായ മാധ്യമ ഇടപെടലുകൾ നടത്താൻ സഭയ്ക്ക് സാധിക്കേണ്ടതാണ്. രൂപതാതലത്തിലും സഭാതലത്തിലുമുള്ള മാധ്യമ-പി.ആർ.ഒ.-ജാഗ്രതാസമിതികളുടെ ധർമ്മം സഭ ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെ സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ്.

വെല്ലുവിളിയും വിമർശനവും അധിക്ഷേപവും ആക്രമണവും എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. പ്രതിസന്ധിഘട്ടങ്ങളിൽ സഭ തളരുകയല്ല ഉണരുകയാണ് ചെയ്തിട്ടുള്ളത്. വചനം പങ്കുവച്ചും സൗഖ്യം നൽകിയും ചുറ്റി സഞ്ചരിച്ച ഈശോയെ തകർക്കാൻ വലിയ ഗൂഢാലോചനകളും ആക്രമങ്ങളുമുണ്ടായി. കണ്ണിനു പകരം കണ്ണ് പല്ലിനു പകരം പല്ല് എന്ന തത്വം അറിയാമായിരുന്നിട്ടും സഹനദാസനെ ഓർമ്മപ്പെടുത്തി ഈശോ അക്ഷോഭ്യനായിരുന്നു. ''അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെ



> അവൻ **മർദ്ദിക്കപ്പെടുകയും** പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. **കൊല്ലാൻ** കൊണ്ടുപോകുന്ന **കുഞ്ഞാടിനെപ്പോലെയും** രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും **അവൻ മൗനം പാലിച്ചു**'' *(ഏശയ്യ 53:7).*

പ്പോലെയും അവൻ മൗനം പാലിച്ചു'' (ഏശയ്യ 53:7).

മാധ്യമവേട്ടയെ പ്രതിരോധിക്കാൻ നിശബ്ദത പാലിക്കണമെന്നല്ല സൂചന; പ്രതികരണം ബുദ്ധിപൂർവ്വകമാകണമെന്നാണ്. സഭയുടെ കൃത്യമായ വീക്ഷണങ്ങളും നിലപാടുകളും അച്ചടി, ഇലക്ട്രോണിക്, സാമൂഹിക മാധ്യമങ്ങളിലൂടെ ശക്തമായി അവതരിപ്പിക്കുകതന്നെ വേണം. അതോടൊപ്പം സഭയുടെ പരമ്പരാഗതമായ എല്ലാ പ്രബോധനവേദികളും പ്രയോജനപ്പെടുത്തണം. ഞായറാഴ്ചപ്രസംഗങ്ങൾ, കുടുംബകൂട്ടായ്മകൾ, വിശ്വാസപരിശീലനവേദികൾ, യുവജന, മാതൃവേദി, പിതൃവേദി, പ്രോലൈഫ് സംഘടനകൾ എകെസിസി പോലുള്ള സാമൂഹിക സംഘടനകൾ എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തണം. സ്കൂൾ, കോളജ് സൺഡേസ്കൂൾ അധ്യാപകർ തന്നെ അഭ്യസ്ഥവിദ്യരായി ആയിരക്കണക്കിനുണ്ട്. വൈദികരും സന്ന്യസ്തരും കൊണ്ട് സമ്പന്നമാണ് കേരളത്തിലെ രൂപതകൾ. എല്ലാവരും നന്നായി പഠിക്കുകയും ഒരുങ്ങി പഠിപ്പിക്കുകയും ചെയ്താൽ സഭ ബലപ്പെടും. ഒരു ശക്തിയും സഭയ്ക്കെതിരെ പ്രബലപ്പെടുകയില്ല.

തനിച്ച് പ്രതികരിക്കാനാണ് ബുദ്ധിമുട്ട്. സംഘടിതമായി പ്രതികരിക്കാൻ എളുപ്പമാണ്. സഭയ്ക്ക് എതിരെ അടിസ്ഥാനമില്ലാത്ത വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കോടതിയെ സമീപിക്കാം. മാധ്യമസ്ഥാപനത്തിൽ രേഖാമൂലം എതിർപ്പ് അറിയിക്കാം. അവരുടെ പത്രമോ ചാനലോ ബഹിഷ്കരിക്കുമെന്നറിയിക്കാം. ഒഴുകുന്ന വെള്ളത്തിൽ അഴുക്കുണ്ടാകില്ലെന്നു പറയുന്നപോലെ പ്രതികരിക്കുന്ന സഭയ്ക്ക് അക്രമങ്ങളും കുറഞ്ഞിരിക്കും.